വിഷയത്തിനും എ+ നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും എച്ച്.എസ്.ഇ., വി.എച്ച്.എസ്.ഇ., മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷകളിൽ ഒന്നാം സ്ഥാനം/ഒന്നാം റാങ്ക് നേടുന്ന വിദ്യാർത്ഥികൾക്കും 4 ഗ്രാം വീത മുള്ള സ്വർണ്ണ മെഡൽ പ്രോത്സാഹനമായി എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണം പരിപാടിയുടെ ഭാഗമായി നൽകുന്നു. സംസ്ഥാന/ദേശീയ സ്കൂൾ കായിക മേഖലകളിൽ സ്വർണ്ണം, വെള്ളി, വെങ്കലം മെഡലുകൾ നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനമായി യഥാക്രമം 3000, 2000, 1000 രൂപാവീതവും ദേശീയതലത്തിൽ കായികമേളയിൽ സ്വർണ്ണം, വെള്ളി, വെങ്കലം മെഡലുകൾ നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 5000, 3000, 2000 രൂപാവീതവും നൽകുന്നു.

(ഡി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നിലവിൽ 90 പ്രീ-മെട്രിക് ഹോസ്റ്റലുകളും 16 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു. ഹോസ്റ്റലുകളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ അനുബന്ധം മൂന്ന് ആയി ചേർത്തിരിക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിലെ 68 പ്രീ-മെട്രിക് ഹോസ്റ്റലുകളുടെയും ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെയും നവീകരണത്തിന് അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും 45 പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ഫർണിച്ചർ വാങ്ങുന്നതിനും റീ-വയറിംഗ്, ടോയ്ലറ്റ് ബ്ലോക്ക്, ശുദ്ധജല വിതരണം സംവിധാനം മെച്ചപ്പെടുത്തൽ, അടുക്കള പാത്രങ്ങൾ തുടങ്ങി വിവിധ നവീകരണ പ്രവർത്തനങ്ങൾ 811 ലക്ഷം രൂപ ചെലവിൽ 2006-07 മുതൽ നാളിതുവരെ നടപ്പാക്കി. ഹോസ്റ്റലുകളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനായി എം.എൽ.എ.മാരടക്കം ജനപ്രതിനിധികൾ അടങ്ങുന്ന ഉപദേശക സമിതി രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു.

വൈദ്യുതി പ്രേഷണ ശൃംഖലയുടെ നവീകരണം

7 (*427) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. എൻ. ശക്തൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതിയുടെ പ്രേഷണ ശൃംഖല നവീകരിക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത് ;

(ബി) പ്രേഷണ ശൃംഖലയുടെ നവീകരണത്തിനായി ഈ വർഷം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുക എന്ന് വിശദീകരിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ വർഷം വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി ഇതുവരെ എന്തൊക്കെ പുതിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്നും ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(ഡി) വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ വർഷം സംസ്ഥാനത്തൊട്ടാകെ എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഇ) ഈ വർഷം ഇതുവരെ എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു കഴിഞ്ഞു ;

(എഫ്) ഇതിനായി ഈ വർഷം ആകെ എന്തു തുകയാണ് ചെലവിടുക ?

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ&ബി) വൈദ്യുതി ബോർഡിന്റെ പ്രേഷണ മേഖലയ്ക്ക് മൂലധന ചെലവുകൾക്കായി ഈ സാമ്പത്തിക വർഷം 257.98 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 5.98 കോടി രൂപ നവീകരണത്തിനായിട്ടാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. പ്രസരണ ശൃംഖലയുടെ നവീകരണത്തിനായി 2010-12 കാലയളവിൽ വിവിധ വോൾട്ടേജ് നിലവാരമുള്ള 77 സബ് സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഈ സാമ്പത്തിക വർഷം 463.88 കിലോമീറ്റർ 11 കെ.വി.ലൈൻ നിർമ്മിക്കുക, 1176.65 കിലോ മീറ്റർ എൽ.റ്റി. ലൈൻ നിർമ്മിക്കുക, 876 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, 621.6 കിലോമീറ്റർ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റുക എന്നീ പ്രവർത്തികൾ ചെയ്തിട്ടുണ്ട്. ഇതിനായി ഏകദേശം 71.66 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ റികണ്ടക്ടറിംഗ് പ്രവർത്തികളും ചെയ്തിട്ടുണ്ട്.

(ഡി) 2010-11 സാമ്പത്തിക വർഷം 5812 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(ഇ) 2010-11 സാമ്പത്തിക വർഷം ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി 876 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്.

(എഫ്) വിതരണമേഖല ശക്തിപ്പെടുത്തുന്നതിനായി ഏകദേശം 445 കോടി രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു.

1212/13

LIBRARY ARCHIVES Kerala Legislative Assembly